**പുംസോ*f*യുക്തസ്യ നാനാർത്ഥോ ഭൂമ: സ ഗുണദോഷഭാക്**
**കർമ്മാകർമ്മവികർമ്മേതി ഗുണദോഷധിയോ ഭിദാ (11–7–8)**
**തസ്മാദ്യുക്തേന്ദ്രിയഗ്രാമോ യുക്തചിത്ത ഇദം ജഗത്**
**ആത്മനീക്ഷ സ്വ വിതതമാത്മാനം മയ്യധീശ്വരേ (11–7–9)**
**ദോഷബുദ്ധ്യോഭയാതീതോ നിഷേധാന്ന നിവർത്തതേ**
**ഗുണബുദ്ധ്യാ ച  വിഹിതം നകരോതി യഥാർഭക: (11–7–11)**

*കൃഷ്ണൻ പറഞ്ഞു:*
നിങ്ങൾ പറഞ്ഞതു ശരി തന്നെ. ഞാൻ ലോകവാസം അവസാനിപ്പിക്കാൻ പോകുന്നു. എൻെറ അവതാരോദ്ദേശം നിറവേറിക്കഴിഞ്ഞിരിക്കുന്നു. ബ്രഹ്മാവും കൂട്ടരും ഞാൻ സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചു വരാൻ ആഗ്രഹിക്കുന്നു. ഞാൻ മടങ്ങിയാൽ ഉടൻ കലിയുഗം ആരംഭിക്കുകയായി. മനുഷ്യർ അധാർമ്മീക മാർഗ്ഗങ്ങളിലേക്ക് തിരിയാൻ തുടങ്ങും. അങ്ങിനെയുള്ള ഒരു ലോകം ഉദ്ധവാ അങ്ങേയ്ക്കു ചേർന്നതല്ല. എല്ലാ ബന്ധങ്ങളും ആസക്തികളും ഉപേക്ഷിച്ചാലും. അവയ്ക്ക് ശരിയായ ഉൺമയില്ലെന്ന് മനസ്സിലാക്കുക. ഈ ലോകം മുഴുവൻ മനസ്സിൻെറ വിക്ഷേപം മാത്രം. ഈ പ്രകടിതാവസ്ഥ സത്യമല്ല തന്നെ. “ആരൊരുവൻ ഉള്ളിൽ സത്യവുമായി ഒന്നുചേർന്നിരിക്കുന്നില്ലയോ അവൻ ഇവിടെ നാനാത്വം ദർശിക്കുന്നു. അങ്ങിനെയുള്ള ഒരാൾക്ക് ശരിയും തെറ്റുമായുള്ള കർമ്മങ്ങൾ എന്ന വിവേചനം ഉണ്ട്. യോഗമാർഗ്ഗത്തിലൂടെ ആത്മനിയന്ത്രണം വരുത്തി ഈ ലോകം മുഴുവനും നിൻെറ ആത്മാവാണെന്നും അതിൻെറ നാഥനായി ഞാൻ വാഴുന്നുവെന്നും അറിയുക. അങ്ങിനെ എല്ലാ നൻമ-തിൻമഭാവങ്ങളും ഉപേക്ഷിക്കുമ്പോൾ സദ്കർമ്മങ്ങളി ലേയ്ക്കോ ദുഷ്കർമ്മങ്ങളിലേയ്ക്കോ യാതൊരുവിധ പ്രതിപത്തിയും ഉണ്ടാവുകയില്ല. ദുഷ്കർമ്മങ്ങൾ ചെയ്യാതിരിക്കുന്നത് പാപഭീതികൊണ്ടോ സദ്കർമ്മങ്ങൾ ചെയ്യുന്നത് പുണ്യമാഗ്രഹിച്ചിട്ടോ ആവുകയില്ല. കർമ്മങ്ങൾ ഒരു ശിശുവിൻേറതുപോലെ അയത്നലളിതമായിരിക്കും. അപ്പോൾ നിങ്ങൾ ഒരിക്കലും തെറ്റിലേക്കു വഴുതി വീഴുകയില്ല. വിശ്വംമുഴുവനും ആത്മാവെന്നുകണ്ട് നിങ്ങൾക്ക് ആത്മശാന്തിയുണ്ടാവും. സകല ജീവജാലങ്ങൾക്കും നിങ്ങൾ സുഹൃത്താകുന്നു.

*ഉദ്ധവർ പറഞ്ഞു:*
ഭഗവാനേ, അവിടുന്നു വ്യാഖ്യാനിച്ച സന്യാസമാർഗ്ഗം സുഖാസ്വാദനത്വരമുഴുവനും വിട്ടുപോകാത്തവർക്ക് സാദ്ധ്യമാവുകയില്ല. അവിടുത്തോട് ഹൃദയം നിറഞ്ഞ ഭക്തിയില്ലാത്തവർക്കും അത് അപ്രാപ്യമത്രെ. ദയവു ചെയ്ത് അനാസക്തിയും സന്യാസവും എങ്ങിനെ നേടാമെന്നു പറഞ്ഞു തന്നാലും. അല്ലയോ നാരായണാ, മനുഷ്യൻെറ ശരിയായ സുഹൃത്തായുള്ള ഭഗവാനേ, ഞാനങ്ങയിൽ അഭയം തേടുന്നു.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
ഈ ലോകത്ത് ഒരുവൻ സ്വയം തൻെറ ആത്മോദ്ധാരണം നടത്തണം. ഒരുവൻ അവനവൻെറ തന്നെ ഗുരുവത്രെ. കാരണം എന്തെല്ലാം കാണുന്നു, അനുമാനിക്കുന്നു എന്നതനുസരിച്ച് പരമാനന്ദപദത്തിലേക്കുള്ള പാത അവൻ സ്വയം കണ്ടെത്തുകയാണ് ചെയ്യുന്നത്. ജീവജാലങ്ങളിൽ എനിക്കേറ്റവും പ്രിയപ്പെട്ടത് മനുഷ്യരെയാണ്. ജാഗരൂകമായ നിരീക്ഷണത്തിലൂടെ അവന് എന്നെ സാക്ഷാൽക്കരിക്കാൻ കഴിയും.

ഇക്കാര്യത്തിനുദാഹരണമായി നമുക്ക് ഒരു കഥയുണ്ട്. ഒരു യദുവും സന്യാസിയും തമ്മിലുള്ള സംഭാഷണമാണതിലെ വിഷയം. തേജസ്വിയും യുവത്വം തുളുമ്പുന്നവനുമായ ഒരു സന്യാസി തൻെറ വേഷഭൂഷകളിൽ ശ്രദ്ധയേതുമില്ലാതെ ഭയരഹിതനായി അലയുന്നതു കണ്ടിട്ട് യദു അദ്ദേഹത്തോട് ഇങ്ങിനെ ചോദിച്ചു.